**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6466 **03/04/2018**-ലെ മറുപടി

**ശുദ്ധജല വിതരണ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.എം. നൗഷാദ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

(എ) ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടുതൽ നഗരങ്ങളിലേക്ക് സീവറേജ് സിസ്റ്റം മാനേജ്മെന്റ് വ്യാപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എ) കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപെടുത്തി തുടങ്ങി വെച്ചതും, ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം പൂർത്തീകരിക്കാത്തതുമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി നബാർഡ്, കിഫ്ബി മുതലായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

പദ്ധതികളുടെ പൂർത്തീകരണത്തിന് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായുള്ള റോഡ് കട്ടിംഗ് അനുമതി , റെയിൽവെ അനുമതി തുടങ്ങിയവ ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. അതേപോലെ പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനും സുദീർഘമായ നടപടി ക്രമങ്ങൾ ആവശ്യമായി വരുന്നുണ്ട്.

പദ്ധതി നിർവഹണം നിരീക്ഷിക്കുന്നതിനും പുരോഗതി അവലോകനം ചെയ്ത് വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുവാനുമായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്. കൂടാതെ പുരോഗതി വിലയിരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനുമായി കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിലെ മോണിട്ടറിംഗ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരം നഗരത്തിൽ ഏകദേശം 60 ശതമാനവും കൊച്ചി നഗരത്തിൽ 5 ശതമാനവും മലിന ജല നിർമ്മാർജ്ജനത്തിനായി സീവറേജ് സംവിധാനം നിലവിലുണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സീവറേജ്സംവിധാനം പൂർത്തിയായി വരുന്നു.

തിരുവനന്തപുരം നഗരപ്രദേശങ്ങളിൽ സീവറേജ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തികളും, കൊച്ചിയിൽ നിലവിലുള്ള ഇളംകുളം സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുജ്ജീവന പ്രവർത്തിയും, കൊല്ലം കരീപ്പുഴയിലെ സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തിയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. കൊല്ലം, കോഴിക്കോട് കോർപറേഷനുകളിൽ KSUDP പദ്ധതിയിൽ ഉൾപ്പെടുത്തി സീവറേജ് സംവിധാനത്തിന്റെ

നിർമ്മാണം ഏറ്റെടുത്തിരുന്നു. എന്നാൽ ഗ്രീൻ ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നതിനാലും പ്രാദേശിക എതിർപ്പുകൾ മൂലവും മറ്റും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപറേഷനുകളിലേയ്ക്കും ആലപ്പുഴ ടൂറിസ്റ്റ് സ്റ്റേഷനുകളിലേയ്ക്കുമുള്ള സീവറേജ് സംവിധാനത്തിനായി മാസ്റ്റർ പ്ലാനുകൾ ഉണ്ടാക്കാൻ പദ്ധതിയുണ്ട്. ഇതിലേക്കായി 2018-19 പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ജല വിതരണ പ്രശ്നങ്ങൾക്ക് കുറഞ്ഞ ചെലവിൽ പരിഹാരം കാണുന്നതിനുള്ള നൂതന ഗവേഷണ മേഖലകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജല അതോറിറ്റി നേരിടുന്ന വിവിധ സാങ്കേതിക, സ്ഥാപന പ്രശ്നങ്ങൾക്ക് കുറഞ്ഞ ചെലവിൽ നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി സ്റ്റാർട്ടപ്പുകളുടെ സാധ്യതകളെ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി (KSUM) സഹകരിച്ച് കേരള വാട്ടർ അതോറിട്ടി ഇന്നൊവേഷൻ സോൺ (KWIZ) ആരംഭിച്ചിട്ടുണ്ട്. KWIZ കുടിവെള്ള-സീവറേജ് മേഖലകളിൽ പുതിയതും, നൂതനവുമായ ആശയങ്ങൾ കണ്ടെത്തുന്നതിനു വേണ്ടിയാണ് രൂപം കൊടുത്തിട്ടുള്ളത്. തിരഞ്ഞെടുക്കപ്പെടുന്ന നൂതനമായ പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം കേരള ജല അതോറിറ്റി നല്കുന്നതാണ്. |
| (സി) | കൊല്ലം ജില്ലയിലെ ജലക്ഷാമ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കുടി വെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ദീർഘ കാലാടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കി വരുന്ന പ്രധാന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വേനൽക്കാലത്തെ കഠിനമായ ജല ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പട്ടാഴി, പട്ടാഴി-വടക്കേകര ശുദ്ധ ജല വിതരണ പദ്ധതി ഇതിനോടകം കമ്മീഷൻ ചെയ്ത് വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിച്ച് വരുന്നു. തൃക്കോവിൽ വട്ടം – നെടുമ്പന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പണികൾ പൂർത്തിയായി. ട്രയൽ റൺ പുരോഗമിച്ച് വരുന്നു.<br>മേൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കൂടാതെ NRDWP ഫണ്ടിന്റെ അപര്യാപ്തത മൂലം മൈലം പഞ്ചായത്തിൽ സ്ഥാപിക്കുവാൻ സാധിക്കാതെ വന്ന വിതരണ ശൃംഖലയുടെയും പട്ടാഴി , പട്ടാഴി – വടക്കേക്കര, തലവൂർ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കാത്തയിടങ്ങളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 60.61 കോടി രൂപയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം

| | പദ്ധതിയുടെ പേര് | പുരോഗതി | അടങ്കൽ തുക | Head | പ്രതീക്ഷിക്കുന്ന കുടിവെള്ള ലഭ്യത | ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|---|---|---|
| 1 | പടിഞ്ഞാറേകല്ലട-ശാസ്താംകോട്ട-ശൂരനാട് വടക്ക് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഘട്ടം 2 | 15%പൂർത്തീകരിച്ചു | 1115 ലക്ഷം | NRDWP | 95015 | 31.12.2018 |
| 2 | തേവലക്കര, തെക്കുംഭാഗം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഘട്ടം 2. | 27%പൂർത്തീകരിച്ചു | 600 ലക്ഷം | NRDWP | 80738 | 31.12.2018 |
| 3 | കുളത്തൂപ്പുഴയ്ക്കും സമീപ ഗ്രാമങ്ങളിലേക്കും വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി ഘട്ടം 2. | 26%പൂർത്തീകരിച്ചു | 1815 ലക്ഷം | NRDWP | 145479 | 31.12.2018 |
| 4 | മൈലം, തലവൂർ എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി. | 90%പൂർത്തീകരിച്ചു | 2005 ലക്ഷം | NRDWP | 90936 | partial commissioning on 27.01.18(except Mylom Pt) |
| 5 | തൃക്കോവിൽവട്ടം-നെടുമ്പന (ഭാഗികം) പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി - ഒന്നാംഘട്ടം. | 90%പൂർത്തീകരിച്ചു | 1000 ലക്ഷം | NRDWP | 59378 | partial commissioning on 31.03.18 |
| 6 | വിളക്കുടി, വെട്ടിക്കവല ,മേലില പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി - ഒന്നാംഘട്ടം (NABARD). | 65%പൂർത്തീകരിച്ചു | 2415 ലക്ഷം | NABARD | 121874 | 31.12.2018 |
| 7 | ജിക്ക മീനാടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള വിതരണ ശ്രിംഖല സ്ഥാപിക്കൽ- ബാലൻസ് വർക്ക്- | ആകെയുള്ള 563 കി മീ വിതരണശൃംഖലയിൽ സ്ഥാപിക്കാൻ ശേഷിച്ചിരുന്ന 181 കി മീ ൽ 38 കി മീ ഇതിനോടകം സ്ഥാപിച്ചു . 343 കി മീ വിതരണശൃംഖല ചാർജ് ചെയ്തു ജലവിതരണം നടത്തിവരുന്നു . പദ്ധതി റദ്ദാക്കി ചീഫ് എഞ്ചിനീയർ ജിക്കയുടെ ആഫീസിൽ നിന്നും റീ ടെണ്ടർ ചെയ്തിരിക്കുന്നു | 2987.40 കോടി | JICA | | |

| | പദ്ധതിയുടെ പേര് | പുരോഗതി | ഭരണാനുമതി തുക | head | പ്രതീക്ഷിക്കുന്ന കുടിവെള്ള ലഭ്യത | ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്ന തിയതി |
|---|---|---|---|---|---|---|
| 8 | KIIFB-കൊല്ലം നഗരത്തിലെ ശുദ്ധ ജല വിതരണ പദ്ധതിയുടെ വിപുലീകരണം ഘട്ടം 2 | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. AS:Go (Rt) No.14/2017/WRD dated 11.01.2017 | 23500 ലക്ഷം | KIIFB | 459822 | 28.02.2020 |
| 9 | KIIFB-കല്ലുവാതുക്കൽ, പാരിപ്പള്ളി,വെളിനല്ലൂർ വില്ലേജുകളിലെ ശുദ്ധ ജല വിതരണ പദ്ധതി ഘട്ടം 1 | ഭരണാനുമതിയും സാങ്കേതികാനുമതിയുംലഭിച്ചു. . AS:Go (Rt) No.14/2017/WRD dated 11.01.2017 | 2700 ലക്ഷം | KIIFB | 85669 | 31.12.2019 |
| | | | | | | |
| 10 | വിളക്കുടി പഞ്ചായത്തിലെ കാര്യറയിലേക്കുള്ള ശുദ്ധ ജലവിതരണ പദ്ധതി | 75%പൂർത്തീകരിച്ചു | 295 ലക്ഷം | State Plan | 7000 | 31.03.2018 |
| 8a | AMRUT-കൊല്ലം നഗരത്തിലെ ശുദ്ധ ജല വിതരണ പദ്ധതിയുടെ വിപുലീകരണം ഘട്ടം 1 | ഭരണാനുമതിയും സാങ്കേതികാനുമതിയുംലഭിച്ചു. . AS:Go (Rt) No3170/2017Lsgd dated 28.09.2017 | 7835 ലക്ഷം | AMRUT | common to scheme 9 | 31.03.2020 |
| 5a | തൃക്കോവിൽവട്ടം–നെടുമ്പന (ഭാഗികം) പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി കിഫ്ബി നബാർഡ് പി ഡബ്ല്യു ഡി റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തികൾ | ആരംഭിച്ചിട്ടുണ്ട് | 403 ലക്ഷം | State Plan | common to scheme 6 | 31.05.2018 |

Renuka Sankar